## 491

*രീതി: വസന്തരാവിന്റെ*

ക്രിസ്തേശുനാഥന്റെ പാദങ്ങൾ പിന്തുടരും
നാമെന്തുഭാഗ്യമുള്ളോർ! പ്രിയരേ നാമെന്തു ഭാഗ്യമുള്ളോർ!
നാഥന്റെ കാൽച്ചുവടു നാൾതോറും പിന്തുടരാൻ
മാതൃകയായി താൻ നല്ല മാതൃകയായി താൻ

1 പാപത്തിൻ ശിക്ഷ നീക്കി ഭാവി പ്രത്യാശ നൽകി
ഭാരങ്ങൾ നാൾതോറും സർവ്വഭാരങ്ങൾ നാൾതോറും
തന്മേൽ വഹിച്ചുകൊു ചെമ്മെ നടത്തിടുന്ന-
താനന്ദമാനന്ദം പര-മാനന്ദമാനന്ദം-

2 ബുദ്ധി പറഞ്ഞുതന്നും ശക്തി പകർന്നുതന്നും
മുമ്പിൽ നടക്കുന്നു അവൻ മുമ്പിൽ നടക്കുന്നു
തൻനാദം കേട്ടുകൊു പിമ്പേ ഗമിച്ചിടുന്ന-
താനന്ദമാനന്ദം പര-മാനന്ദമാനന്ദം-

3 ക്രിസ്തു എനിക്കു ജീവൻ മൃത്യൂ എനിക്കു ലാഭ-
മത്രേയെന്നാണല്ലോ തന്നിൽ പ്രത്യാശ വച്ചുള്ളോ-
രേതും നിരാശകൂടാതോതുന്നതാകയാലെ-
ന്താനന്ദമാനന്ദം പര-മാനന്ദമാനന്ദം-

4 ലോകത്തിലാശ്രയിച്ചും ഭോഗത്തിലാശവച്ചും
പോകുന്നവരെല്ലാം ഇന്നു പോകുന്നവരെല്ലാം
വേകുന്ന തീക്കടലിലാകുന്ന നേരമതി-
ലാനന്ദമാനന്ദം നമ്മൾ-ക്കാനന്ദമാനന്ദം-

**T.K.S.**